എസ്.സി4/18462/15

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ്,
ഭരണവിഭാഗം, തിരുവനന്തപുരം
തീയതി 05/12/2015

## നോട്ടീസ്

വിഷയം:- ജീവനക്കാര്യം - പൊ.മ.വ - മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീമതി.ഉഷാകുമാരി.എസ്.ആർ നെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്

സൂചന:- 1. 07/11/2012 ലെ ഉത്തരവ് നമ്പർ എസ് സി4/18334/06
2. 06/08/2015 ലെ മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീമതി.ഉഷാകുമാരി.എസ്.ആർ ന്റെ നിവേദനം
3. 23/04/2011 ലെ ഉത്തരവ് നമ്പർ എസ് സി4/18334/06

സൂചന (2) ലെ നിവേദനത്തിലൂടെ പൊതുമരാമത്ത് വകുപ്പ്, സ്പെഷ്യൽ ബിൽഡിംഗ്സ് സെക്ഷൻ1, തിരുവനന്തപുരത്തെ മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീമതി.ഉഷാകുമാരി.എസ്.ആർ, ടിയാളെ മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/90 മുതൽ 31/12/2007 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി നിവേദനവും സേവനപുസ്തകത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്.

ആയത് പരിശോധിച്ചതിൻപ്രകാരം ടിയാൾ കേരളാപബ്ലിക് സർവ്വീസ് കമ്മീഷന്റെ 02/12/2004 ലെ നിയമനനിർദ്ദേശ നമ്പർ RIA(3)/25525/2001/GWൽ ഉൾപ്പെട്ടിട്ടുള്ളതും, പൊതുമരാമത്തു വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 28/12/2004 ലെ ഉത്തരവ് നമ്പർ EB5/9200/2004 പ്രകാരം മൂന്നാംഗ്രേഡ് ഓവർസിയറായി നിയമനം ലഭിച്ചിട്ടുള്ളതും, ടിയാൾ 07/01/2005 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടിയാളെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/1990 മുതൽ 31/12/2007 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 530(a) എന്ന് റാങ്ക് നിശ്ചയിച്ച് ഉൾപ്പെടുത്താൻ ഇതിനാൽ തീരുമാനിക്കുന്നു.

പ്രസ്തുത തീരുമാനത്തിൽ പരാതിയോ ആക്ഷേപമോ ഉള്ള ജീവനക്കാർ ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി തുടങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ പരാതികൾ മേലധികാരി മുഖേന സമർപ്പിക്കേണ്ടതാണ്. നിർദിഷ്ടകാലയളവിൽ പരാതികൾ ലഭ്യമല്ലാത്തപക്ഷം ടി തീരുമാനം അന്തിമമായി കൈക്കൊള്ളുന്നതാണ്.

ചീഫ് എഞ്ചിനീയർക്കുവേണ്ടി

പകർപ്പ്

ഐറ്റി.സെൽ (ഉദ്യോഗസ്ഥരുടെ അറിവിലേയ്ക്കായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

SR